A

# സമഗ്ര ശിക്ഷ, കേരളം
# പാദവാർഷിക മൂല്യനിർണയം 2018-19

605

ക്ലാസ് : 6 | **സാമൂഹ്യശാസ്ത്രം** | സമയം: 2 മണിക്കൂർ

## നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനുട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
2. തന്നിട്ടുള്ള 8 പ്രവർത്തനങ്ങളിൽ നന്നായി അറിയാവുന്ന 6 പ്രവർത്തനങ്ങൾക്ക് ഉത്തരമെഴുതുക.
3. തെരഞ്ഞെടുക്കുന്ന പ്രവർത്തനങ്ങളുടെ എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരം എഴുതേണ്ടതാണ്.

---

### പ്രവർത്തനം - 1

★ **സൽത്തനത്ത് ഭരണകാലത്തെ പ്രധാനപ്പെട്ട ഭരണാധികാരികളായിരുന്നു അലാവുദ്ദീൻ ഖൽജിയും മുഹമ്മദ് ബിൻ തുഗ്ലക്കും.**

എ. രാജ്യത്തിന്റെ വിസ്തൃതി വർധിപ്പിക്കുവാൻ അലാവുദ്ദീൻ ഖൽജി നടത്തിയ പരിശ്രമങ്ങൾ എന്തൊക്കെയായിരുന്നു?

ബി. ഡൽഹിയിൽ നിന്നും ദേവഗിരിയിലേക്ക് തലസ്ഥാനം മാറ്റാൻ മുഹമ്മദ്ബിൻ തുഗ്ലക്കിനെ പ്രേരിപ്പിച്ച പ്രധാന കാരണങ്ങൾ എന്തെല്ലാമായിരുന്നു?

സി. സൽത്തനത്ത് കാലത്ത് ഡൽഹി ഭരിച്ച രാജവംശങ്ങളുടെ ഭരണക്രമം താഴെ പറയുന്നവയിൽ ഏതാണെന്ന് കണ്ടെത്തി എഴുതുക.

A. ഖൽജിവംശം, മംലൂക്ക് വംശം, തുഗ്ലക്ക് വംശം, സയ്യിദ് വംശം, ലോദി വംശം

B. മംലൂക്ക് വംശം, ഖൽജിവംശം, തുഗ്ലക്ക് വംശം, സയ്യിദ് വംശം, ലോദി വംശം

C. ലോദി വംശം, സയ്യിദ് വംശം, തുഗ്ലക്ക് വംശം, ഖൽജിവംശം, മംലൂക്ക് വംശം

D. സയ്യിദ് വംശം, ഖൽജിവംശം, തുഗ്ലക്ക് വംശം, മംലൂക്ക് വംശം, ലോദി വംശം

### പ്രവർത്തനം - 2

★ **മധ്യകാല ഇന്ത്യയിൽ സാമൂഹിക അസമത്വം നിലനിന്നിരുന്നു. എന്നാൽ വിജ്ഞാന രംഗത്ത് പുരോഗതി ഉണ്ടായിരുന്നു.**

എ. മധ്യകാല ഇന്ത്യയിലെ സാമൂഹികവും സാമ്പത്തികവുമായ അസമത്വങ്ങളെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.

ബി. മധ്യകാല ഇന്ത്യയിലെ വിദ്യാകേന്ദ്രങ്ങളിൽ ഉൾപ്പെടാത്തത് ഏത്?

A. ബനാറസ്

B. ആഗ്ര

C. മഹാബലിപുരം

D. കാഞ്ചി

**പ്രവർത്തനം - 3**

"ഹരിതകേരളം" - കാർഷിക മേഖലയിൽ ഉല്പാദനം വർധിച്ചു.

✶ **പത്രവാർത്ത ശ്രദ്ധിച്ചല്ലോ? കാർഷികമേഖലയുടെ നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുക്കാനുള്ള ശ്രമം വിജയത്തിലേക്ക്.**

എ. കേരളത്തിന്റെ ഭക്ഷ്യസ്വയംപര്യാപ്തതയ്ക്കായി നമുക്ക് എന്തൊക്കെ പ്രവർത്തനങ്ങൾ ഏറ്റെടുക്കാം? കുട്ടികൾ എന്ന നിലയിൽ സ്കൂളിൽ ചെയ്യാൻ പോകുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുക.

ബി. കേരളത്തിന്റെ കാർഷിക പാരമ്പര്യം തിരിച്ചുപിടിക്കാൻ നടപ്പിലാക്കി വരുന്ന ഏതെങ്കിലും രണ്ട് പദ്ധതികളുടെ പേരെഴുതുക.

**പ്രവർത്തനം - 4**

✶ **ഉൽപാദനത്തിന് സഹായിക്കുന്ന വിവിധ ഘടകങ്ങളാണ് ഉൽപാദനഘടകങ്ങൾ.**

എ. ഭൂമി എന്ന ഉൽപാദനഘടകത്തിൽ ഏതൊക്കെ പ്രകൃതി വിഭവങ്ങളാണ് ഉൾപ്പെടുക?

ബി. ഒരു ഉല്പന്നം ഉണ്ടാകുന്നതിൽ സംഘാടകന്റെ ചുമതല പരമപ്രധാനമാണെന്ന് പറയുന്നതെന്തുകൊണ്ടാണ്?

സി. താഴെ കൊടുത്തിരിക്കുന്നവയിൽ സേവനമേഖലയിൽ ഉൾപ്പെടാത്തതാര്?

A. ബാങ്ക് ഉദ്യോഗസ്ഥൻ

B. ഡോക്ടർ

C. കർഷകൻ

D. അധ്യാപകൻ

## പ്രവർത്തനം - 5

✷ **ഭൂമിശാസ്ത്രസവിശേഷതകൾ ഒരു രാജ്യത്തിന്റെ വളർച്ചയ്ക്ക് നിർണായകമാണ്.**

| മറാത്തയുടെ ഭൂമിശാസ്ത്രസവിശേഷതകൾ | ഡൽഹിയുടെ ഭൂമിശാസ്ത്രസവിശേഷതകൾ |
|---|---|
| • നർമദ-താപ്തി നദി | • യമുനാനദി |
| • വിന്ധ്യ-സത്പുര പർവതനിരകൾ | • സിന്ധു ഗംഗാ സമതലം |
| • നീളമേറിയ കടൽതീരം | • ആരവല്ലി പർവതനിരകൾ |

എ. ഭൂമിശാസ്ത്ര സവിശേഷതകൾ ഡൽഹി, മറാത്ത എന്നീ പ്രദേശങ്ങളുടെ വളർച്ചയെ എങ്ങനെയെല്ലാം സ്വാധീനിച്ചുവെന്ന് വിശദമാക്കുക.

ബി. ചോളൻമാരുടെ സ്വാധീനം മലേഷ്യ, ഇന്തോനേഷ്യ എന്നീ പ്രദേശങ്ങളിലേയ്ക്ക് വ്യാപിക്കാനുള്ള കാരണം എന്ത്? ഏറ്റവും ശരിയായ പ്രസ്താവന തെരഞ്ഞെടുത്തെഴുതുക.

A. ശക്തമായ കരസേന ഉണ്ടായിരുന്നു.

B. മലേഷ്യ, ഇന്തോനേഷ്യ എന്നിവ ചോളരാജ്യത്തിന്റെ അയൽരാജ്യങ്ങളായിരുന്നു.

C. ശക്തമായ നാവികസേന ഉണ്ടായിരുന്നു.

D. നല്ല സാമ്പത്തിക ഭദ്രത ഉണ്ടായിരുന്നു.

## പ്രവർത്തനം - 6

✷ **സമുദ്രനിരപ്പിൽ നിന്നുള്ള ഉയരത്തിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിന്റെ ഭൂപ്രകൃതിയുടെ തരംതിരിവ് നടത്തിയിരിക്കുന്നത്.**

എ. മലനാട് എന്ന ഭൂപ്രകൃതി വിഭാഗത്തിന്റെ പ്രധാന സവിശേഷതകൾ എന്തെല്ലാം?

ബി. ഇടനാട്ടിൽ ധാരാളം വിളകൾ കൃഷി ചെയ്യുന്നു. ഈ വിളവൈവിധ്യത്തിനുള്ള കാരണങ്ങൾ എന്തെല്ലാം?

സി. ഭൂപ്രകൃതിയെ അടിസ്ഥാനമാക്കി കേരളത്തെ മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. ഈ ഭൂപ്രകൃതിവിഭാഗങ്ങൾ പരിഗണിക്കുമ്പോൾ താഴെ കൊടുത്തിരിക്കുന്ന ജില്ലകളിൽ ഒറ്റപ്പെട്ടു നിൽക്കുന്ന ജില്ല ഏത്?

A. തിരുവനന്തപുരം

B. ആലപ്പുഴ

C. കൊല്ലം

D. മലപ്പുറം

## പ്രവർത്തനം - 7

★ **മധ്യകാലഇന്ത്യയുടെ സാമൂഹിക-സാമ്പത്തിക അവസ്ഥ മനസ്സിലാക്കുന്നതിന് സഞ്ചാര കുറിപ്പുകൾക്ക് വളരെ പ്രാധാന്യം ഉണ്ട്.**

സതി, ശൈശവവിവാഹം തുടങ്ങിയ അനാചാരങ്ങൾ നിലനിന്നിരുന്നു

ജാതി, ഉദ്യോഗം, സമ്പത്ത് ഇവയുടെ അടിസ്ഥാനത്തിലാണ് സാമൂഹിക പദവികൾ നിർണയിക്കപ്പെട്ടിരുന്നത്

കൈത്തൊഴിലുകളിലും കൃഷിയിലും ഏർപ്പെട്ടിരുന്നവർ സമൂഹത്തിലെ താഴെ തട്ടിലുള്ളവരായിരുന്നു.

എ. മുഗൾ ഭരണകാലത്ത് ഇന്ത്യ സന്ദർശിച്ച ടവർണിയരുടെ സഞ്ചാരക്കുറിപ്പിൽ നിന്ന് അന്നത്തെ സാമൂഹികജീവിതത്തെക്കുറിച്ചുള്ള വിവരങ്ങളാണ് മുകളിൽ നൽകിയിരിക്കുന്നത്. മുഗൾഭരണകാലത്തെയും ഇന്നത്തെയും സാമൂഹികജീവിതം താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

ബി. താഴെ നൽകിയിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.

| സഞ്ചാരി | ഏത് രാജ്യക്കാരനായിരുന്നു |
|---|---|
| നിക്കോളോ കോണ്ടി | ........................................ |
| ........................................ | മൊറോക്കോ |

## പ്രവർത്തനം - 8

★ **മധ്യകാലഇന്ത്യയിൽ ഉല്പാദനകേന്ദ്രങ്ങളെയും കമ്പോളങ്ങളെയും കേന്ദ്രീകരിച്ച് ധാരാളം നഗരങ്ങൾ വളർന്നുവന്നു.**

എ. മധ്യകാലത്തെ തൊഴിൽ കേന്ദ്രങ്ങളായ കാർഖാനകളിലെ രണ്ട് തൊഴിൽ കൂട്ടങ്ങളുടെ പേരെഴുതുക.

ബി. തന്നിരിക്കുന്ന, ഇന്ത്യയുടെ രൂപരേഖയിൽ മധ്യകാല ഇന്ത്യയിലെ പ്രധാന വാണിജ്യകേന്ദ്ര ങ്ങളായ മധുര, കൊല്ലം, അഹമ്മദാബാദ്, ആഗ്ര എന്നിവ അടയാളപ്പെടുത്തുക.